**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഭവന രഹിതരായ പട്ടികജാതി പട്ടികഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ഭവനരഹിതരും ഭൂരഹിത ഭവനരഹിതരുമായ എത്ര പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; ഭൂരഹിത ഭവനരഹിതർക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങാൻ ധനസഹായം നൽകുന്നുണ്ടോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഭൂരഹിത ഭവന രഹിതർ- 76332 ഭൂമിയുള്ള ഭവന രഹിതർ - 57302 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഭൂരഹിതരായ ഭവന രഹിതർ - 7930 ഭൂമിയുള്ള ഭവന രഹിതർ -16070 (വകുപ്പ് കണ്ടെത്തിയത്) വകുപ്പ് കണ്ടെത്തിയതിൽനിന്നുള്ളതും ലൈഫ് മാനദണ്ഡ പ്രകാരം അർഹരായതുമായ ഭൂമിയുള്ള ഭവനരഹിതർ - 10783 ലൈഫ് പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്ക് ആദിവാസി പുനരധിവാസ മിഷൻ പ്രകാരവും ലൈഫ് മിഷൻ മുഖേനയും ധനസഹായം നൽകുന്നുണ്ട്. |
| (ബി) | ലൈഫ് മിഷനിലും വികസന വകുപ്പുകൾ വഴിയും അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തിയാകാത്തവ എത്ര എണ്ണമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ മുൻഗണനാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫീൽഡ്തല ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും കൂട്ടായ ശ്രമം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ നിർമ്മാണം പൂർത്തീകരിക്കാനുള്ള വീടുകൾ സംബന്ധിച്ച വിവരങ്ങൾ

| | പൂർത്തിയാകാത്തവ |
|---|---|
| പട്ടികജാതി വികസന വകുപ്പ് (2016-17 മുതൽ 2018-19) | 3621 |
| ലൈഫ് മിഷൻ രണ്ടാം ഘട്ടം | 2216 |
| ലൈഫ് മിഷൻ മൂന്നാം ഘട്ടം | 3183 |

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ നിർമ്മാണം പൂർത്തീകരിക്കാനുള്ള വീടുകൾ

| | പൂർത്തിയാകാത്തവ |
|---|---|
| പട്ടികവർഗ്ഗ വികസന വകുപ്പ് | 4491 |
| ലൈഫ് മിഷൻ രണ്ടാം ഘട്ടം | 632 |
| ലൈഫ് മിഷൻ മൂന്നാം ഘട്ടം | 222 |

സെക്ഷൻ ഓഫീസർ